# <u>വളരെ അടിയന്തിരം</u>

നമ്പർ: **LF/ 01/2017** ലൈഫ് മിഷൻ കാര്യാലയം, സെക്രട്ടറിയേറ്റ്,

തിരുവനന്തപുരം. തീയതി: **19.08.2017.**

പ്രേഷക

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

സ്വീകർത്താവ്

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

സർ,

വിഷയം: ലൈഫ് മിഷൻ – ഗുണഭോക്തൃ പട്ടികയിന്മേലുള്ള അപ്പീലുകൾ പരിശോധിച്ച് പട്ടിക അന്തിമമാക്കുന്നതിനുള്ള സമയക്രമം പുനർ നിശ്ചയിച്ചത് – സംബന്ധിച്ച്

സൂചന : 13.07.17-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ലൈഫ് മിഷൻ യോഗത്തിലെ തീരുമാനം

********************

ലൈഫ് സർവ്വേ പ്രകാരം തയ്യാറാക്കിയ കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ച് അതിന്മേലുള്ള അപ്പീലുകൾ രണ്ട് ഘട്ടങ്ങളിലായി പരിശോധിക്കുന്നതിനും ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ അംഗീകാരത്തോടെ അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതിനും സൂചന പ്രകാരം സമയക്രമം നിശ്ചയിച്ചിരുന്നു. എന്നാൽ അപ്പീലുകളുടെ എണ്ണത്തിലുള്ള വർദ്ധനവും അപ്പീലുകൾ പരിശോധിക്കുന്നതിനുള്ള ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള കുറവും കാരണം ടി സമയക്രമം പാലിക്കുന്നതിന് ബുദ്ധിമുട്ടാണ് എന്നതിനാൽ സമയക്രമം നീട്ടി നൽകുവാൻ ഒട്ടേറെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് കത്തുകൾ ലഭിച്ചിട്ടുണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സൂചന പ്രകാരം നിശ്ചയിച്ച സമയക്രമം ചുവടെ ചേർത്ത പട്ടിക പ്രകാരം പുനർ നിശ്ചയിക്കുന്നു.

വിശ്വസ്തതയോടെ,



ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ് : 1. എല്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കും
2. എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

## ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം

| നടപടി | പഴയ സമയക്രമം | പുതുക്കിയ സമയക്രമം |
|---|---|---|
| ഗുണഭോക്താക്കളുടെ കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറൽ | ജൂലൈ 15 | ജൂലൈ 15 |
| കരട് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതികൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ട അവസാന തീയതി | ജൂലൈ 30 | ജൂലൈ 30 |
| ആദ്യഘട്ട ആക്ഷേപങ്ങൾ സ്വീകരിക്കുന്ന അവസാന തീയതി | ആഗസ്റ്റ് 10 | ആഗസ്റ്റ് 10 |
| ആദ്യഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ | ആഗസ്റ്റ് 20 | ആഗസ്റ്റ് 31 |
| ജില്ലാ കളക്ടർക്ക് രണ്ടാം ഘട്ട ആക്ഷേപങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതി | ആഗസ്റ്റ് 25 | സെപ്റ്റംബർ 16 |
| രണ്ടാം ഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക പുനഃപ്രസിദ്ധീകരിക്കൽ | ആഗസ്റ്റ് 31 | സെപ്റ്റംബർ 28 |
| ഗ്രാമസഭ/ വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം | സെപ്റ്റംബർ 01 മുതൽ 20 വരെ | ഒക്ടോബർ 3 മുതൽ 20 വരെ |
| ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം | സെപ്റ്റംബർ 25 | ഒക്ടോബർ 25 |

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
ലൈഫ് മിഷൻ